# എന്താണ് പ്രവാചക ചര്യകൾ?

അബ്ദുൽ മാലിക് മൊറയൂർ

പ്രവാചകൻ(സ)യുടെ ചര്യകളെ കുറിച്ച് പ്രധാനമായും രണ്ട് പദങ്ങളാണ് ഇസ്‌ലാമിക നിയമ സംഹിത(ശരീഅത്ത്)യിൽ പ്രയോഗിച്ചിട്ടുള്ളത്. സുന്നത്ത്, ഹദീഥ് എന്നിവയാണാപദങ്ങൾ. പ്രവാചകൻ(സ)യുടെ ചര്യകളെ പ്രമാണമായംഗീകരിക്കുകയും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുന്നവരെ ഈ പേരുകളിലേക്ക് ചേർത്തി യഥാക്രമം അഹ്‌ലുസ്സുന്ന, അഹ്‌ലുൽ ഹദീഥ് എന്നിങ്ങനെ വിളിക്കാറുണ്ട്. പ്രവാചകചര്യയുടെയാളുകൾ എന്ന് പറയുമ്പോൾ ഇവർ ക്വുർആനിനെ അംഗീകരിക്കാത്തവരാണന്ന ധാരണയുണ്ടാവേണ്ടതില്ല. ക്വുർആനിനൊപ്പം പ്രവാചകചര്യയും പിന്തുടരുന്നവർ എന്നഅർഥത്തിലാണ് അവരെകുറിച്ച് ഈ പേരുകൾ ഉപയോഗിക്കുന്നത്. ഇനി സുന്നത്ത്, ഹദീഥ് എന്നീപദങ്ങൾ കൊണ്ട് അർഥമാക്കുന്നതെന്താണ് എന്ന് പരിശോധിക്കാം.

**1. സുന്നത്ത്**

സുന്നത്ത് എന്നാൽ ഭാഷയിൽ മാർഗം, നടപടി എന്നെല്ലാമാണർഥം. മാർഗ്ഗം നല്ലതായാലും ചീത്തയായാലും ശരി അതിന് സുന്നത്ത് എന്ന് ഭാഷയിൽ പ്രയോഗിക്കും. ''നിങ്ങൾ നിങ്ങളുടെ മുമ്പുള്ളവരുടെ സുന്നത്തുകളെ ചാണിനു ചാണായും മുഴത്തിന് മുഴമായും പിന്തുടരുകതന്നെ ചെയ്യും'' എന്ന നബി വചനത്തിലെ സുന്നത്ത് മാർഗം എന്ന അർഥത്തിലാണ്. വിശുദ്ധ ക്വുർആനിൽ ഈപദം പതിനൊന്ന് സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. അവിടെയെല്ലാം മാർഗം, നടപടി എന്നീഅർഥങ്ങളിലാണ് പ്രയോഗിച്ചിട്ടുള്ളത്. മതപരമായ വിഷയങ്ങളിൽ ഈ പദം പ്രയോഗിക്കപ്പെടുമ്പോൾ പ്രവാചകന്റെ ചര്യകൾ ആണ് അതുകൊണ്ട് വിവക്ഷിക്കപ്പെടുക. പ്രവാചക ചര്യകൾ എന്നു പറയുമ്പോൾ അവിടുത്തെ വാക്ക്, പ്രവൃത്തി, അംഗീകാരം എന്നിവയാണ് പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്.

**2. ഹദീഥ്**

ഹദീഥ് എന്നതിന് ഭാഷയിൽ പുതിയത് എന്നാണർഥം. മനുഷ്യരുടെ സംസാരത്തിനും ഈ പദം ഉപയോഗിക്കും. ഏറ്റവും നൂതനങ്ങളായിരിക്കുമല്ലോ ഓരോ സംസാരവും. വിശുദ്ധക്വുർആനിൽ ഇരുപത്തിമൂന്ന്തവണ ഏകവചനമായും അഞ്ച് തവണ ബഹുവചനമായും ഈപദം വന്നിട്ടുണ്ട്. ക്വുർആനിനെക്കുറിച്ച് രണ്ട് തവണ ഹദീഥ് എന്ന പദം ക്വുർആൻ പ്രയോഗിച്ചിട്ടുണ്ട്. *(4:87, 39:23* കാണുക*)* അപ്രകാരം തന്നെ പ്രവാചകന്റെ സംസാരത്തെയും ക്വുർആൻ ഹദീഥ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. (66:3 കാണുക). ദുൻയാവിലെ അത്ഭുതങ്ങളെക്കുറിച്ചും മുൻകഴിഞ്ഞവരുടെ ചരിത്രത്തെ കുറിച്ചും ഹദീഥ് എന്ന പദം ക്വുർആൻ പ്രയോഗിച്ചിട്ടുണ്ട് *(ഉദാ: 23:44, 24:19)* ശരീഅത്തിൽ ഈ പദം കൊണ്ടുദ്ദേശിക്കുന്നത് പ്രവാചകൻ(സ)യിലേക്ക് എത്തുന്ന പരമ്പരകളുള്ള റിപ്പോർട്ടുകളാണ്. അത് ശരിയായാലും ഇല്ലെങ്കിലും ശരി. അതേസമയം ശരിയായ പരമ്പരകളോട് കൂടിയ റിപ്പേർട്ടുകളേ പ്രമാണമായംഗീകരിക്കാൻ പറ്റുകയുള്ളു.

ചുരുക്കത്തിൽ ഈ രണ്ട് പദങ്ങളയാലും (സുന്നത്ത്, ഹദീഥ്) നബി(സ)യിൽ നിന്ന് സ്ഥിരപ്പെട്ട അവിടുത്തെ കൽപനകൾ, വിരോധങ്ങൾ , പ്രവൃത്തികൾ, അംഗീകാരങ്ങൾ എന്നീ കാര്യങ്ങളാണ് അവകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ഈകാര്യങ്ങൾ നബി(സ) വഹ്‌യിന്റെ അടിസ്ഥാനത്തിലാണ് ചെയ്തത് എന്നതിനാൽ അവയെ പ്രമാണമായംഗീകരിച്ച് പിൻപറ്റൽ ഒരു വിശ്വാസിക്കുമേൽ ബാധ്യതയാണ്. വിശുദ്ധക്വുർആൻ പോലെ തന്നെ അവയെ അനുസരിക്കൽ മുസ്‌ലിമിന് നിർബന്ധമാണ്.

**സുന്നത്ത് നബി (സ)ക്ക് മാത്രമോ?**

ക്വുർആനിന് പുറമെ സുന്നത്തിനെയും പ്രമാണമായംഗീകരിക്കണമെന്നു പറയുമ്പോൾ ചിലയാളുകൾ ചോദിക്കാറുണ്ട്. ഇതെന്താ ക്വുർആൻ + സുന്നത്ത്? മൂസാ നബി(അ) ന് തൗറാത്ത്+ സുന്നത്ത് ഉണ്ടായിരുന്നുവോ? ഈസാ നബി(അ) ന് ഇഞ്ചീൽ + സുന്നത്ത് എന്നതായിരുന്നോ പ്രമാണം? മറ്റുനബിമാർക്കൊന്നുമില്ലാത്ത ഒരു പ്ലസ് പ്രമാണം നബി(സ)ക്ക് എങ്ങിനെ ഉണ്ടായി. സത്യത്തിൽ ക്വുർആൻ ശരിക്ക് മനസ്സിലാക്കാത്തത് മൂലമാണ് ഇത്തരത്തിലുള്ള ചോദ്യങ്ങൾ അവർ ഉന്നയിക്കുന്നത്. ഒരു പ്രവാചകന്റെ അനുയായികൾക്ക് ആ പ്രവാചകന് ലഭിച്ച വേദ

ഗ്രന്ഥം മാത്രം പിന്തുടരുക എന്നത് മാത്രമല്ല ബാധ്യത. മറിച്ച് ആ പ്രവാചകന് നൽകപ്പെടുന്ന മുഴുവൻ സന്ദേശ ങ്ങളും പിൻപറ്റുക എന്നതുകൂടി അവർക്കുമേൽ ബാധ്യതയാണ്. ഈ ബാധ്യത അവർ അവഗണിച്ചാൽ ശക്തമായ ശിക്ഷതന്നെ അവരെ പിടികൂടാൻ സാധ്യതയുണ്ട്. മൂസാ(അ)ന്റെയും ഫിർഔനിന്റെയും ചരിത്രം വിവരിച്ച് ആ കാര്യം വ്യക്തമായിതന്നെ ക്വുർആൻ മനുഷ്യരെ പഠിപ്പിക്കുന്നു.

മദ്‌യനിൽനിന്ന് കുടുംബത്തോടൊപ്പം മടങ്ങിവരുന്ന അവസരത്തിലാണല്ലോ മൂസ(അ)ന് വഹ്‌യ് ലഭിക്കുന്നത്. ആ സന്ദർഭത്തിൽ അദ്ദേഹത്തിന് വേദഗ്രന്ഥമായ തൗറാത്ത് അല്ലാഹു നൽകിയിരുന്നില്ല. അങ്ങനെ വേദഗ്രന്ഥമില്ലാ തെയാണ് മൂസ(അ) ഫിർഔനിന്റെ അടുത്തേക്ക് പോകുന്നത്. അവിടെ പോയി ഫിർഔനിനേയും അദ്ദേഹത്തിന്റെ ജനതയേയും പ്രബോധനം നടത്തിയപ്പോൾ മൂസ(അ) പറഞ്ഞകാര്യം ക്വുർആൻ ഉദ്ധരിക്കുന്നു: ''മൂസയെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔനിന്റെയും അവന്റെ പൗരമുഖ്യന്മാരുടേയും അടുത്തേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ ലോകരക്ഷിതാവിന്റെ ദൂതനാകുന്നു.'' *(43:46)*

പ്രധാനമായും രണ്ട് കാര്യങ്ങൾ ഈ സൂക്തത്തിൽ നിന്നും തെളിയുന്നു. **(ഒന്ന്)** വേദഗ്രന്ഥം നൽകപ്പെടാതെ യാണ് മൂസ(അ) ഫിർഔനിന്റെ അടുക്കലേക്ക് പോയത്. എന്നിട്ടും ക്വുർആൻ മൂസ(അ) നെക്കുറിച്ച് ''ചില ദൃഷ്ടാ ന്തങ്ങളുമായിപോയി'' എന്ന് പറഞ്ഞതിൽനിന്ന് പ്രവാചകന്മാർക്ക് വേദഗ്രന്ഥങ്ങൾ മാത്രമല്ല ദൃഷ്ടാന്തമായി ലഭി ക്കുന്നത് എന്നും അതിന് പുറമെയുള്ള ചില സംഗതികളും ദൃഷ്ടാന്തമായി ലഭിക്കാം എന്നും അവയെ പിൻപറ്റൽ ആ സമൂഹത്തിന് നിർബന്ധമാണെന്നും ഗ്രഹിക്കാം. വേദഗ്രന്ഥമല്ലാത്ത വഹ്‌യും ചില മുഅ്ജിസത്തുകളു (വടി, കൈ പ്രകാശിക്കൽ........) മായിട്ടാണ് മൂസാ(അ) പോയത്. ഇതിൽ നിന്നും മൂസ(അ)ക്ക് ആദ്യം ലഭിച്ചത് സുന്നത്താ യിരുന്നു എന്ന് മനസ്സിലാക്കാം.

**(രണ്ട്)** വേദഗ്രന്ഥം ലഭിക്കാത്ത പ്രവചാകനെക്കുറിച്ചും റസൂൽ എന്ന് പറയും. അപ്പോൾ റസൂലിന് വേദഗ്രന്ഥ ത്തിന് പുറമെ ലഭിക്കുന്ന വഹ്‌യും സ്വീകരിക്കൽ നിർബന്ധമാണ്. അത്തരം വഹ്‌യുകളെ നിഷേധിച്ചതിന്റെ ഫലമാ യിട്ടാണ് അല്ലാഹു ഫിർഔനിനെ നശിപ്പിച്ചത്. ക്വുർആൻ പറയുന്നു: ''പൂർവ്വ തലമുറകളെ (ഫിർഔനിനേയും സംഘത്തേയും) നാം നശിപ്പിച്ചതിന് ശേഷം ജനങ്ങൾക്ക് ഉൾകാഴ്ച നൽകുന്ന തെളിവുകളും മാർഗ്ഗദർശനവും കാരുണ്യവുമായിക്കൊണ്ട് മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായി. അവർ ചിന്തിച്ച് ഗ്രഹിച്ചേക്കാമല്ലോ.'' *(28:43)*

ചുരുക്കത്തിൽ മൂസാ(അ)ന് തൗറാത്തല്ലാത്ത വഹ്‌യുകളും നൽകപ്പെട്ടിരുന്നുവെന്നും ആ സുന്നത്തിനെ നിഷേധിച്ചതിനാലാണ് ഫിർഔനിനേയും സംഘത്തേയും അല്ലാഹു നശിപ്പിച്ചത് എന്നും നാം കണ്ടു. പ്രവാചകന്റെ സുന്നത്തുകളെ നിഷേധിക്കുന്നവർക്ക് വ്യക്തമായ താക്കീതാണ് ഫിർഔനിന്റെ നാശം. ഇത് വേദഗ്രന്ഥം നൽക പ്പെട്ട പ്രവാചകരുടെ സംഗതിയാണെങ്കിൽ വേദഗ്രന്ഥം തന്നെ ലഭിക്കാത്ത എത്രയോ പ്രവാചന്മാർ കഴിഞ്ഞുപോയി ട്ടുണ്ട്. അവരെല്ലാംതന്നെ സുന്നത്തുകൾ അടിസ്ഥാനമാക്കിയായിരുന്നു പ്രബോധനവും ആരാധനയും അനുഷ്ടാന ങ്ങളുമെല്ലാം നടത്തിയിരുന്നത്.

ക്വുർആൻ പറയുന്നു: ''(നബിയേ) നൂഹിനും അദ്ദേഹത്തിന് ശേഷമുള്ള പ്രവാചകന്മാർക്കും നാം സന്ദേശം നൽകിയതുപോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്‌റാഹീം, ഇസ്‌മാഈൽ, ഇസ്ഹാഖ്, യഅ്ക്വൂബ്സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം വഹ്‌യ് നൽകിയി രിക്കുന്നു. ദാവൂദിന് നാം സബൂർ നൽകി.'' *(4:161)* ഈ ആയത്തിൽ പരാമർശിക്കപ്പെട്ടവരിൽ ഇബ്‌റാഹീം , ഈസാ, ദാവൂദ്(അ) എന്നിവർക്ക് മാത്രമാണ് വേദഗ്രന്ഥം ലഭിച്ചിട്ടുള്ളത്. മറ്റുള്ളവർക്കെല്ലാം വേദഗ്രന്ഥമല്ലാത്ത വഹ്‌യ് ആണ് ലഭിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണവർ പ്രബോധനം നടത്തിയത്.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും പ്രധാനമായും രണ്ട് സംഗതികൾ ഉരിത്തിരിഞ്ഞുവന്നു. (ഒന്ന്) മുഹ മ്മദ് നബി(സ)ക്ക് മുമ്പുള്ള പ്രവാചകന്മാർക്ക് വേദഗ്രന്ഥമല്ലാത്ത വഹ്‌യുകൾ കിട്ടിയിരുന്നു. (രണ്ട്) അത്തരം വഹ്‌യുകളെ പിൻപറ്റൽ അവരുടെ സമൂഹത്തിന്റെ മേൽ ബാധ്യതയായിരുന്നു.

## നബി (സ)ക്ക് ക്വുർആനല്ലാത്ത വഹ്‌യുകൾ ലഭിച്ചിട്ടുണ്ടോ?

മുഹമ്മദ് നബി(സ)ക്ക് മുമ്പുള്ള പ്രവാചകന്മാർക്ക് വേദഗ്രന്ഥരൂപത്തിലുള്ളതല്ലാത്ത വഹ്‌യുകളും കിട്ടിയി ട്ടുണ്ട് എന്ന് നാം മനസ്സിലാക്കി. ഇനി പരിശോധിക്കാനുള്ളത് മുഹമ്മദ് നബി(സ)ക്കും അത്തരത്തിൽ വേദഗ്രന്ഥ ത്തിന് പുറമെയുള്ള വഹ്‌യുകൾ ലഭിച്ചിട്ടുണ്ടോ എന്നാണ്. വിശുദ്ധ ക്വുർആനിൽ ഈ വിഷയത്തിൽ വന്നിട്ടുള്ള ചില തെളിവുകൾ ഇവിടെ ഉദ്ധരിക്കാം.

**1)** അല്ലാഹു പറയുന്നു: ''(നബിയേ) നൂഹിനും അദ്ദേഹത്തിന് ശേഷമുള്ള പ്രവാചകന്മാർക്കും നാം സന്ദേശം നൽകിയതുപോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്‌റാഹീം, ഇസ്‌മാഈൽ, ഇസ്ഹാക്വ്, യഅ്ക്വൂബ് സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം സന്ദേശം നൽകി യിരിക്കുന്നു. ദാവൂദിന് നാം സബൂർ നൽകി.'' *(4:163)*

ഈ ആയത്തിൽ മുഹമ്മദ് നബി(സ)ക്ക് കിട്ടിയ വഹ്‌യിനെ നൂഹ് നബി(അ) മുതൽ ലോകത്ത് വന്ന മുഴുവൻ പ്രവാചന്മാരുടേയും വഹ്‌യിനോട് താരതമ്യം ചെയ്തിരിക്കുകയാണ്. ഇതിൽ പറഞ്ഞ ഇബ്‌റാഹീം, ദാവൂദ്, ഈസാ(അ) എന്നിവർക്ക് പുറമെയുള്ള പ്രവാചന്മാരുടെ വേദഗ്രന്ഥത്തേക്കുറിച്ച് ക്വുർആനിൽ പരാമർശമില്ല. അതിന്നർത്ഥം അവരുടെ വഹ്‌യുകൾ വേദഗ്രന്ഥരൂപത്തിലുള്ളതായിരുന്നില്ല എന്നാണ്. ഗ്രന്ഥം നൽകപ്പെട്ട പ്രവാചകരുടെ വഹ്‌യിനോടും ഗ്രന്ഥം നൽകപ്പെടാത്ത പ്രവാചകന്മാരുടെ വഹ്‌യിനോടും മുഹമ്മദ് നബി(സ) യുടെ വഹ്‌യിനെ സാദൃശ്യപ്പെടുത്തിയതിൽനിന്നും പ്രവാചകന് രണ്ട് രൂപത്തിലുള്ള വഹ്‌യും ലഭിച്ചിട്ടുണ്ടെന്ന് ഗ്രഹിക്കാനാകും. അങ്ങനെയല്ലായെങ്കിൽ ഗ്രന്ഥം നൽകപ്പെടാത്ത പ്രവാചകന്മാരുടെ വഹ്‌യിനെ നബി(സ)യുടെ വഹ്‌യിനോട് താരതമ്യം ചെയ്യുന്നതിൽ പിന്നെ എന്ത് അർത്ഥമാണുള്ളത്.

**2)** അല്ലാഹു പറയുന്നു: ''(നേരിട്ടുള്ള) ഒരു ബോധനം എന്ന നിലയിലോ ഒരു മറയുടെ പിന്നിൽനിന്നായിക്കൊണ്ടോ ഒരു ദൂതനെ അയച്ച് അല്ലാഹുവിന്റെ അനുവാദപ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം (ദൂതൻ) ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ അല്ലാഹു തന്നോട് സംസാരിക്കുക എന്ന കാര്യം യാതൊരു മനുഷ്യനും ഉണ്ടാവുകയില്ല. തീർച്ചയായും അവൻ ഉന്നതനും യുക്തിമാനുമാകുന്നു.'' *(42:51)*

പ്രവാചകന്മാർക്ക് അല്ലാഹു വഹ്‌യുകൾ നൽകുന്ന മൂന്ന് രൂപമാണ് ഇവിടെ വിവരിച്ചത്. മുഹമ്മദ് നബി(സ)ക്ക് ക്വുർആൻ ലഭിച്ചത് മൂന്നാമത്തെ രൂപത്തിലൂടെയാണെന്ന് ക്വുർആൻ പറയുന്നു. ''(നബിയേ) പറയുക: (ക്വുർആൻ എത്തിച്ചുതരുന്ന) ജിബ്‌രീൽ എന്ന മലക്കിനോടാണ് ആർക്കെങ്കിലും ശത്രുതയെങ്കിൽ അദ്ദേഹമത് നിന്റെ മനസ്സിൽ അവതരിപ്പിച്ചത് അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് മാത്രമാണ്.'' *(2:97)*. അതേ സമയം നബി(സ)ക്ക് ജിബ്‌രീൽ മുഖേനയല്ലാതെ സ്വപ്നത്തിലൂടെയും ചില വഹ്‌യുകൾ ലഭിച്ചിട്ടുണ്ടെന്ന് ക്വുർആൻ പറയുന്നു. ''അല്ലാഹു അവന്റെ ദൂതന് സ്വപ്നം സത്യപ്രകാരം സാക്ഷാൽകരിച്ചിരിക്കുന്നു. അതായത് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സമാധാന ചിത്തരായിക്കൊണ്ട് തലമുണ്ഡനം ചെയ്തവരും മുടിവെട്ടിയവരും ആയിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുക തന്നെ ചെയ്യുന്നതാണ് എന്ന സ്വപ്നം...'' *(48:27)*. ഇത് പ്രവാചകന്റെ കേവലമൊരു സ്വപ്നം മാത്രമായിരുന്നു എന്ന് പറഞ്ഞ് തള്ളാനാവില്ല. കാരണം പ്രവാചകന്മാരുടെ സ്വപ്നങ്ങൾ, അത് വഹ്‌യായിരിക്കുമെന്ന് ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. ഇബ്രാഹിം(അ) തന്റെ മകനോട് പറയുന്നത് നോക്കൂ: ''എന്റെ കുഞ്ഞു മകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. നീ എന്താണ് അഭിപ്രായപ്പെടുന്നത്? *(37:102)* ഇതിനെക്കുറിച്ച് മകൻ ഇസ്മാഈലിന്റെ മറുപടി ''പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക'' എന്നായിരുന്നു. പ്രവാചാകനായ പിതാവിന്റെ സ്വപ്നത്തെ വെറും സ്വപ്നമായല്ല, ദൈവകൽപ്പനയായിട്ടാണ് മകൻ മനസ്സിലാക്കിയത് എന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്. പുത്രൻ മനസ്സിലാക്കിയത് തെറ്റായിരുന്നുവെങ്കിൽ അല്ലാഹു അത് തിരുത്തുമായിരുന്നു. അതേ സമയം, അല്ലാഹു ഇങ്ങനെയാണ് പറഞ്ഞത്: ''ഇബ്രാഹിം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. അപ്രകാരമാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്.'' *(37:105)*. ഇതിൽ നിന്നും ഇബ്രാഹിം നബി(അ)ക്ക് സ്വപ്നത്തിലൂടെ കിട്ടിയ സന്ദേശം വഹ്‌യായിരുന്നുവെന്ന് സുതരാം വ്യക്തമായി. അങ്ങനെയെങ്കിൽ മുഹമ്മദ് നബി(സ)ക്ക് സ്വപ്നത്തിലൂടെ അല്ലാഹു അറിയിച്ച് കൊടുത്ത കാര്യങ്ങളും വഹ്‌യാണ് എന്ന് തെളിയുന്നു. ആ സ്വപ്നരൂപത്തിലുള്ള വഹ്‌യുകൾ ക്വുർആനിലില്ല. അപ്പോൾ പ്രവാചകൻ(സ)ക്ക് ക്വുർആൻ അല്ലാത്ത വഹ്‌യുകളും ലഭിച്ചിട്ടുണ്ട് എന്ന് ഇത് മൂലം സ്ഥാപിതമായി.

**3)** അല്ലാഹു പറയുന്നു: (നബിയേ) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തരിക്കേണ്ടത്. *(2:114)*

നബി(സ)യും സഹാബത്തും പതിനേഴ് മാസത്തോളം അവരുടെ നമസ്ക്കാരങ്ങളിൽ ബൈത്തുൽ മുഖദിസിനെയായിരുന്നു ഖിബ്‌ലയാക്കിയിരുന്നത്. ഈ ആയത്ത് അവതരിച്ചതോടുകൂടി കഅ്ബയെ ഖിബ്‌ലയാക്കി നിശ്ചയിക്കപ്പെട്ടു. ക്വുർആനിൽ എവിടെയും ബൈത്തുൽ മുഖദ്ദസിനെ ഖിബ്‌ലയാക്കണം എന്ന കൽപനയില്ല. അപ്രകാരം തന്നെ കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്ക്കരിക്കാനായിരുന്നു നബി(സ) ആഗ്രഹിച്ചിരുന്നത്. എന്നിട്ടും പ്രവാചകൻ(സ) ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞു നമസ്കരിച്ചെങ്കിൽ അത് അല്ലാഹുവിന്റെ പ്രത്യേക നിർദ്ദേശം മൂലമായിരുന്നുവെന്ന് തീർച്ചയാണ്. പക്ഷെ അത്തരമൊരു നിർദ്ദേശം ക്വുർആനിൽ നിന്ന് നമുക്ക് ലഭിക്കുന്നില്ല എന്നതിനാൽ ക്വുർആനിന് പുറമെയുള്ള ഒരു വഹ്‌യിലൂടെയാണ് ആ നിർദ്ദേശം പ്രവാചകന് ലഭിച്ചത് എന്ന് മനസ്സിലാക്കാം. അതിനാൽ ക്വുർആനിന് പുറമെയും നബി(സ)ക്ക് വഹ്‌യ് ലഭിച്ചിട്ടുണ്ടെന്ന് ഇതിലൂടെ തെളിയുന്നു.

**4)** അല്ലാഹു പറയുന്നു: ''നോമ്പിന്റെ രാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗ്ഗം നിങ്ങൾക്കനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രവുമാകുന്നു. നിങ്ങൾ ആത്മ വഞ്ചന നടത്തുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാതാ

പം സ്വീകരിക്കുകയും പൊറുക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനിമേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തുകൊള്ളുക.'' *(2:187)*

ഈ ആയത്തിന്റെ അവതരണത്തിന് മുമ്പ് റമളാനിന്റെ രാത്രികളിൽ സ്ത്രീകളുമായി ബന്ധപ്പെടുന്നത് മുസ്‌ലിംകൾക്കുമേൽ നിഷിദ്ധമായിരുന്നു. ആ നിഷിദ്ധം നിലനിൽക്കെ തന്നെ ചിലർ അതിൽ വീഴ്ച വരുത്തി. അവരെ ആക്ഷേപിച്ചുകൊണ്ടും, അവർക്ക് പാപമോചന വാർത്ത അറിയിച്ചു കൊണ്ടും, ആ നിയമം തിരുത്തിക്കൊണ്ടുമാണ് ഈ ആയത്ത് ഇറങ്ങുന്നത്. റമളാനിന്റെ രാത്രിയിൽ നിങ്ങൾ സ്ത്രീ സംസർഗ്ഗം പുലർത്തരുത് എന്ന് പറഞ്ഞുകൊണ്ടുള്ള ഒരായത്ത് ക്വുർആനിൽ കാണുന്നില്ല. അതേ സമയം അങ്ങനെയൊരു നിയമമുണ്ടായിരുന്നെന്നും അതിനെ ചിലർ ലംഘിച്ചുവെന്നും ഈ ആയത്തിലൂടെ വ്യക്തമാവുകയും ചെയ്യുന്നു. കാരണം അവരുടെ പ്രവൃത്തിയെ 'വഞ്ചന' എന്നാണ് ക്വുർആൻ വിശേഷിപ്പിച്ചത്. മാത്രവുമല്ല ആ തെറ്റ് നിങ്ങൾക്ക് മാപ്പ് ചെയ്തിരിക്കുന്നു എന്നും പറയുന്നു. അതിനാൽ, ചെയ്യാൻ പാടില്ലാതിരുന്ന ഒരു കാര്യമാണ് അവർ ചെയ്തതെന്ന് മനസ്സിലായി. എന്നാൽ ആ നിഷിദ്ധമായ കാര്യത്തെക്കുറിച്ച് ക്വുർആനിൽ പരാമർശിക്കുന്നുമില്ല. ഇതിൽ നിന്നും, ക്വുർആനല്ലാത്ത വഹ്‌യിലൂടെയായിരുന്നു ആ നിയമം പ്രവാചകൻ(സ)ക്ക് ലഭിച്ചത് എന്ന് മനസ്സിലാക്കാം.

**5)** അല്ലാഹു പറയുന്നു: നബി അദ്ദേഹത്തിന്റെ ഭാര്യമാരിൽ ഒരാളോട് ഒരു വർത്തമാനം രഹസ്യമായി പറഞ്ഞ സന്ദർഭം. എന്നിട്ട് ആ ഭാര്യ അത് (മറ്റൊരു ഭാര്യയെ) അറിയിക്കുകയും നബിക്ക് അല്ലാഹു അത് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തപ്പോൾ അതിന്റെ ചില ഭാഗം അദ്ദേഹം (ആ ഭാര്യക്ക്) അറിയിച്ചുകൊടുക്കുകയും ചില ഭാഗം വിട്ടു കളയുകയും ചെയ്തു. അങ്ങനെ അവളോട് അദ്ദേഹം അതിനെപ്പറ്റി വിവരം അറിയിച്ചപ്പോൾ അവർ പറഞ്ഞു: താങ്കൾക്ക് ആരാണ് ഈ വിവരം അറിയിച്ചു തന്നത്? നബി(സ) പറഞ്ഞു: സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമായിട്ടുള്ളവനാണ് എനിക്ക് വിവരമറിയിച്ചുതന്നത്. *(66:3)*

നബി(സ) ഹഫ്സ(റ)യോട് രഹസ്യമായി ഒരു കാര്യം പറഞ്ഞു. ഹഫ്സ(റ)യാവട്ടെ ആ കാര്യം ആയിശ(റ)യെ അറിയിച്ചു. ഈ വിവരം നബി(സ)യെ അല്ലാഹു അറിയിച്ചു. അതേസമയം അങ്ങനെയൊരു വിവരം നൽകുന്ന ഒരായത്ത് ക്വുർആനിലില്ല. ഇതിൽ നിന്നും ക്വുർആനല്ലാത്ത വഹ്‌യിലൂടെയാണ് ആ വിവരം അല്ലാഹു പ്രാവാചകൻ(സ)യെ അറിയിച്ചത് എന്ന് മനസ്സിലാക്കാം. അതോടൊപ്പം നബി(സ)ക്ക് ക്വുർആനല്ലാത്ത വഹ്‌യും ലഭിച്ചിട്ടുണ്ട് എന്ന് തെളിയുകയും ചെയ്തു.

**6)** അല്ലാഹു പറയുന്നു: ''നിങ്ങൾ വല്ല ഈത്തപ്പനയും മുറിക്കുകയോ അല്ലെങ്കിൽ അവയെ അവയുടെ മുരടുകളിൽ നിൽക്കാൻ വിടുകയോ ചെയ്യുന്ന പക്ഷം അത് അല്ലാഹുവിന്റെ അനുമതി പ്രകാരമാണ്. അധർമകാരികളെ അപമാനപ്പെടുത്താൻ വേണ്ടിയുമാണ്.'' *(59:5)*

യുദ്ധസന്ദർഭങ്ങളിൽ ശത്രുരാഷ്ട്രത്തിലെ മരങ്ങൾ നശിപ്പിക്കുന്നതിനെ വിരോധിച്ച പ്രവാചകൻ(സ) ബനൂനളീർ ഗോത്രക്കാരുമായുണ്ടായ യുദ്ധത്തിൽ അവരുടെ ചില ഈന്തപ്പനകൾ മുറിച്ചുകളയാൻ കൽപിച്ചു. ഈ നടപടിയെ ശത്രുക്കൾ ആക്ഷേപിച്ചപ്പോൾ, അല്ലാഹുവിന്റെ കൽപനപ്രകാരമാണ് അപ്രകാരം ചെയ്തത് എന്ന് മറുപടി പറയാനാണ് അല്ലാഹു കൽപിച്ചത്. അതേ സമയം അത്തരമൊരു കൽപന ക്വുർആനിൽ നാം കാണുന്നില്ല. ഇതിൽ നിന്നും ക്വുർആനല്ലാത്ത വഹ്‌യിലൂടെയാണ് അത്തരമൊരു കൽപന നബി(സ)ക്ക് ലഭിച്ചത് എന്ന് മനസ്സിലാക്കാം.

**7)** അല്ലാഹു പറയുന്നു: ''രണ്ടു സംഘങ്ങളിലൊന്ന് നിങ്ങൾക്ക് അധീനമാകുമെന്ന് അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക).'' *(8:7)*

ബദർ യുദ്ധവേളയിൽ ശത്രുക്കളുടെ രണ്ട് സംഘങ്ങളിൽ പെട്ട (അബൂജഹ്‌ലിന്റെ സംഘം, അബൂസുഫ്‌യാന്റെ സംഘം) ഒരു സംഘത്തെ അല്ലാഹു മുസ്‌ലിംകൾക്ക് അധീനമാക്കുമെന്ന് വാഗ്ദാനം നൽകിയ കാര്യം ഓർമിപ്പിക്കുകയാണിവിടെ. ക്വുർആനിലെവിടെയും അത്തരമൊരു വാഗ്ദാനത്തെ കുറിച്ച് പരാമർശമില്ല. യുദ്ധാനന്തരം അവരെ ആ സംഗതി ഓർമിപ്പിക്കുക മാത്രമാണ് ഈ ആയത്തിലൂടെ. അതിനാൽ ക്വുർആനല്ലാത്ത വഹ്‌യിലൂടെയാണ് അത്തരമൊരു വാഗ്ദാനം അല്ലാഹു നൽകിയത് എന്ന് തെളിയുന്നു.

**8)** അല്ലാഹു പറയുന്നു: ''അവരുടെ അടുക്കലേക്ക് നിങ്ങൾ മടങ്ങിയെത്തിയാൽ നിങ്ങളോടവർ ഒഴിവുകഴിവ് പറയുന്നതാണ്. പറയുക: നിങ്ങൾ ഒഴികഴിവൊന്നും പറയേണ്ട. നിങ്ങളെ ഞങ്ങൾ വിശ്വസിക്കുകയില്ല. (കാരണം) നിങ്ങളുടെ ചില വർത്തമാനങ്ങൾ അല്ലാഹു ഞങ്ങൾക്ക് അറിയിച്ചു തന്നിട്ടുണ്ട്.'' *(9:94)*

തബൂക്ക് യുദ്ധത്തിൽ നിന്ന് അകാരണമായി പിന്തി നിന്നവരെ സംബന്ധിച്ച് പ്രവാചകൻ (സ്വ)ക്ക് അല്ലാഹു അറിയിച്ചു കൊടുത്തിട്ടുണ്ട് എന്ന് ഇവിടെ പറയുന്നു. അതേ സമയം അത്തരമൊരു സംഗതിയെ കുറിച്ച് ക്വുർആനിലെവിടെയും പരാമർശമില്ലതാനും. അപ്പോൾ ക്വുർആനല്ലാത്ത വഹ്‌യിലൂടെയാണ് അല്ലാഹു അവരെപ്പറ്റി നബി(സ)യെ അറിയിച്ചത് എന്ന് മനസ്സിലാവുന്നു.

മുകളിൽ വിവരിച്ച തെളിവുകളിൽ നിന്ന് മുഹമ്മദ് നബി(സ)ക്ക് ക്വുർആനല്ലാത്ത നിരവധി വഹ്‌യുകൾ ലഭിച്ചിട്ടുണ്ടെന്ന് ഏതൊരു ശുദ്ധഹൃദയനും സംശയലേശമന്യേ ഗ്രഹിക്കാവുന്നതാണ്. ഈ സൂക്തങ്ങൾക്ക് പുറമെ നിര

വധി ആയത്തുകളിൽ ഈ കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. സ്ഥല പരിമിതി മൂലം അവ തൽക്കാലം ഒഴിവാക്കുക യാണ്.

**ക്വുർആനല്ലാത്ത വഹ്‌യുകൾ പ്രമാണമോ?**

മുഹമ്മദ് നബി(സ)യുടെ മുമ്പുള്ള പ്രവാചകൻമാർക്ക് ലഭിച്ചത് പോലെ വേദഗ്രന്ഥത്തിന് പുറമെയുള്ള വഹ്‌യുകൾ നബി(സ)ക്കും ലഭിച്ചിട്ടുണ്ടെന്ന് നാം തെളിവു സഹിതം ഗ്രഹിച്ചല്ലോ. ഇനി, അത്തരം വഹ്‌യുകൾ പിൻപറ്റലും, അതൊരു പ്രമാണമായിട്ടംഗീകരിക്കലും ഒരു മുസ്‌ലിമിന്റെ മേൽ നിർബന്ധമാണോ എന്നാണ് പരി ശോധിക്കേണ്ടത്. ക്വുർആൻ എത്തിച്ചു കൊടുക്കുന്ന ഒരാൾ എന്നതിലുപരിയായി മത കാര്യങ്ങളിൽ അഭിപ്രായം പറയാൻ അധികാരമുള്ള ആളായിരുന്നോ പ്രവാചകൻ(സ) എന്നും പരിശോധിക്കേണ്ടതുണ്ട്. മതകാര്യങ്ങളിൽ കൽപനാധികാരം നബി(സ)ക്കുണ്ടെന്ന് തെളിഞ്ഞാൽ, ആ കൽപനകളെ സ്വീകരിക്കേണ്ടത് ഓരോ വിശ്വാസിക്കും നിർബന്ധമാണെന്ന് പറയേണ്ടതില്ലല്ലോ. ഇനി നമുക്ക് തെളിവുകൾ പരിശോധിക്കാം.

**1)** അല്ലാഹു പറയുന്നു: ''തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോടദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാര ത്തിൽ നിന്നവരെ വിലക്കുകും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കി വെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേ ഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ അവരാണ് വിജയികൾ.'' *(7:157)*

വേദക്കാരുടെ മേലുണ്ടായിരുന്ന ചില നിയമങ്ങളെ ഇസ്‌ലാം അവർക്ക് ലഘൂകരിച്ച് നൽകിയ കാര്യം ഈ ആയത്തിലൂടെ അല്ലാഹു ഉണർത്തുന്നു. എന്നാൽ ആ നിയമങ്ങളെ തിരുത്തിയ സംഗതി സൂചിപ്പിച്ചപ്പോൾ ക്വുർ ആൻ അത് പ്രവാചകനിലേക്കാണ് ചേർത്തി പറഞ്ഞത് എന്ന കാര്യം ശ്രദ്ധേയമാണ്. അല്ലാഹു തിരുത്തി എന്നോ ക്വുർആൻ തുരുത്തി എന്നോ പറയാതെ റസൂൽ(സ) ആ നിയമങ്ങളെ ലഘൂകരിച്ചു എന്ന് പറഞ്ഞതിൽ നിന്ന്, റസൂൽ(സ)നും അല്ലാഹുവിന്റെ കൽപന പ്രകാരം മതത്തിൽ കാര്യങ്ങൾ തിരുത്താനും സ്ഥാപിക്കാനും അധികാര മുണ്ടെന്ന് വന്നു. ഈ കാര്യം പറഞ്ഞതിന് ശേഷം, പ്രവാചകനിൽ വിശ്വസിക്കുകയും ചെയ്യുന്നവർ എന്ന് ആവർത്തിച്ച് പറഞ്ഞതിൽ നിന്നും പ്രവാചകൻ(സ) കൊണ്ടുവന്ന മുഴുവൻ കാര്യങ്ങളും, അത് ക്വുർആനി ലുള്ളതായാലും ഇല്ലെങ്കിലും ശരി വിശ്വസിക്കൽ നിർബന്ധമാണെന്ന് കൂടുതൽ വ്യക്തമാവുകയും ചെയ്യുന്നു.

**2)** അല്ലാഹു പറയുന്നു: ''വേദം നൽകപ്പെട്ടവരുടെ കൂട്ടത്തിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസി ക്കാതിരിക്കുകയും, അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയത് നിഷിദ്ധമായി ഗണിക്കാതിരിക്കുകയും സത്യമതത്തെ മതമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുക. അവർ കീഴടങ്ങിക്കൊണ്ട് കയ്യോടെ കപ്പം കൊടുക്കുന്നത് വരെ.'' *(9:29)*

ഈ സൂക്തത്തിലെ 'അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയത്' എന്ന പ്രയോഗം ശ്രദ്ധേയമാണ്. പ്രവാചകനിൽ വിശ്വസിക്കുന്നവർക്ക് പ്രവാചകൻ നിഷിദ്ധമാക്കിയ കാര്യങ്ങളെ അംഗീകരിക്കൽ നിർബന്ധമാണ്. കാരണം പ്രവാചകൻ(സ)യുടെ സംസാരം വഹ്‌യിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ക്വുർആൻ പഠിപ്പിക്കുന്നു. അല്ലാഹു പറുയുന്നു: ''അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നില്ല. അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽക പ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു അത്.'' (53:3–4). അതിനാൽ ക്വുർആനിലുള്ളത് ഇല്ലാത്തത് എന്ന വിവേ ചനമില്ലാതെ, പ്രവാചകൻ പഠിപ്പിച്ചതെന്തും സ്വീകരിക്കുക എന്നതാണ് ഒരു വിശ്വാസിയിൽ നിന്നുണ്ടാവേണ്ട സമീ പനം.

**3)** അല്ലാഹു പറയുന്നു: ''അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭി പ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായും വഴിപിഴച്ചുപോയിരിക്കുന്നു.'' *(33:36)*

മത വിഷയത്തിൽ അല്ലാഹുവിന്റെ തീരുമാനത്തോടൊപ്പം റസൂലിന്റെ തീരുമാനങ്ങളെയും പിൻപറ്റണമെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. അതിനാൽ ക്വുർആനിന് പുറമെ നബി(സ)ക്ക് ലഭിക്കുന്ന വഹ്‌യുകളിലൂടെ അവിടുന്ന് വിധിച്ച സംഗതികളെയും പിന്തുടരൽ വിശ്വാസിക്ക് ബാധ്യതയാണെന്നും, റസൂൽ(സ)ന്റെ വിധികളെ മാനിക്കാതിരി ക്കൽ വഴികേടാണ് എന്നും ഇതിലൂടെ തെളിയുന്നു.

**4)** അല്ലാഹു പറയുന്നു: ''അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും, അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും

ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അതിനിടയിൽ (വിശ്വാസത്തിനുമവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗ്ഗം സ്വീകരിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാണ് യഥാർത്ഥ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്.'' *(4:150–151)*

അല്ലാഹുവിന്റെയും റസൂലിന്റെയും ഇടയിൽ മതപരമായ വിഷയങ്ങളിൽ വ്യത്യാസം കൽപിക്കൽ കാഫിറുകളുടെ വിശേഷണമാണെന്നും, വിശ്വാസികൾ അല്ലാഹുവിന്റെയും റസൂലിന്റെയും വിധികളെ ഒരുപോലെ കാണുന്നവരാണെന്നും, അതാണ് വിജയത്തിന്റെ മാർഗ്ഗമെന്നും ഈ ആയത്ത് നമ്മെ പഠിപ്പിക്കുന്നു. മതകാര്യങ്ങളിൽ അല്ലാഹുവിന്റെ ക്വുർആൻ തന്നെ മതി പ്രവാചകന്റെ ചര്യകൾ ആവശ്യമില്ല എന്ന് പറയുന്നവർക്കുള്ള ശക്തമായ താക്കീതാണീ വചനം.

**5)** അല്ലാഹു പറയുന്നു: ''(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.'' *(4:80)*

അല്ലാഹുവിന്റെ റസൂലിനെ അനുസരിക്കുന്നത് അല്ലാഹുവിനുള്ള അനുസരണം തന്നെയാണെന്നും റസൂൽ(സ) യുടെ ചര്യകളെയും കൽപനകളെയും തള്ളുന്നവർ യഥാർത്ഥത്തിൽ അല്ലാഹുവിനെ തന്നെയാണ് തള്ളുന്നതെന്നും ഈ ആയത്ത് പഠിപ്പിക്കുന്നു. ക്വുർആൻ പറഞ്ഞ കാര്യങ്ങളിൽ മാത്രം റസൂലിനെ അനുസരിക്കുക ബാക്കി വിഷയങ്ങളിൽ അനുസരിച്ചിട്ടില്ലെങ്കിലും വിരോധമില്ല എന്ന നിലപാട് ഒരു വിശ്വാസിയുടേതല്ല. അതിനാൽ നബി(സ) പറഞ്ഞ ക്വുർആനിലുള്ള കാര്യങ്ങളും ഇല്ലാത്ത കാര്യങ്ങളും ഒരേപോലെ അംഗീകരിക്കൽ നിർബന്ധമാണെന്നും അവയിൽ വ്യത്യാസം കാണിക്കൽ അല്ലാഹുവിനെ തന്നെ ധിക്കരിക്കുന്നതിന് തുല്യമാണെന്നും ഇതിൽ നിന്നും വ്യക്തമായി.

**6)** അല്ലാഹു പറയുന്നു: ''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്യുന്നവർക്ക്.'' *(33:21)*

അല്ലാഹുവിന്റെ റസൂലിന്റെ ജീവിതം വിശ്വാസികൾക്ക് മാതൃകയാണ് എന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. ഞങ്ങൾക്ക് മാതൃകയായി ക്വുർആൻ മാത്രം മതി, റസൂലിന്റെ ജീവിത മാതൃക വേണ്ട എന്ന് പറയുന്നത് അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസത്തിലെ വീഴ്ച മൂലമാണെന്നും ഈ സൂക്തം സൂചിപ്പിക്കുന്നു. അതിനാൽ റസൂൽ തിരുമേനി(സ) യുടെ ജീവിത ചര്യകളെ പിൻപറ്റും വിധം അതിനെ പ്രമാണമായി തന്നെ കാണണമെന്ന് ഈ ആയത്ത് ശക്തിയായി ഓർമിപ്പിക്കുന്നു.

പരിശുദ്ധ ക്വുർആനിനെപ്പോലെതന്നെ പ്രമാണമാണ് പരിശുദ്ധ ഹദീഥുകളും എന്ന കാര്യം തെളിവ് സഹിതം നാം ഗ്രഹിച്ചു കഴിഞ്ഞു. മുസ്ലിം ലോകം എക്കാലത്തും ഈ രണ്ട് പ്രമാണങ്ങളെയും ഒരുപോലെ സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിച്ച് വരികയും ചെയ്തിട്ടുണ്ട്. എന്നാൽ ഇസ്ലാമിന്റെ ശത്രുക്കളിൽ നിന്ന് അവർ അകത്തുള്ളവരോ പുറത്തുള്ളവരോ ആകട്ടെ, ആദ്യകാലം മുതൽക്കുതന്നെ ഈ രണ്ട് പ്രമാണങ്ങൾക്കുമെതിരെ വിമർശനങ്ങളും ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷെ, ഈ പ്രമാണങ്ങളുടെ പ്രോജ്ജ്വല പ്രകാശത്തിന് മുമ്പിൽ അത്തരം വിമർശനങ്ങൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഇസ്ലാമിന്റെ ശത്രുക്കളുടെ വിമർശന ശരങ്ങൾ ക്വുർആനിനെക്കാളേറെ ഏൽക്കേണ്ടി വന്നത് പ്രവാചകൻ(സ) യുടെ ഹദീഥുകൾക്കായിരുന്നു. കാരണം, ക്വുർആനിനെ വിമർശിക്കുകയും അതിൽ സംശയങ്ങൾ സൃഷ്ടിക്കാൻ പരിശ്രമിക്കുകയും ചെയ്താൽ ആശ്രമം വേണ്ടത്ര വിജയം വരിക്കില്ല എന്നവർ മനസ്സിലാക്കിയിട്ടുണ്ടാകണം. ഹദീഥുകളാകുമ്പോൾ സാധാരണക്കാർക്ക് വേണ്ടത്ര പരിചിതമല്ലാത്ത മേഖലയായതിനാൽ അതിൽ വസ്വാസുകൾ സഷ്ടിച്ചാൽ അത് ജനങ്ങൾക്കടയിൽ വേഗം സ്വാധീനം സൃഷ്ടിക്കും എന്നും അവർ കരുതിക്കാണണം.

ഹദീഥുകൾക്കെതിരെ നടന്ന കയ്യേറ്റ ശ്രങ്ങൾ പലതരത്തിലുള്ളതായിരുന്നു. ചിലർ അതിന്റെ പ്രാമാണികതയെ തന്നെ നിഷേധിച്ചപ്പോൾ മറ്റു ചിലർ മുതവാതിറായ ഹദീഥുകളെ മാത്രം പ്രമാണമായി അംഗീകരിച്ച് മറ്റുള്ള ഹദീഥുകളെ തള്ളുകയാണ് ചെയ്തത്. ബുദ്ധിക്ക് പ്രമാണങ്ങളെക്കാൾ പ്രാമുഖ്യം നൽകിയ മറ്റൊരു വിഭാഗം ബുദ്ധിക്കെതിരെന്ന് അവർക്ക് തോന്നിയ മുഴുവൻ ഹദീഥുകളെയും തള്ളിക്കളഞ്ഞു. ഒരു വിഭാഗമാകട്ടെ ഹദീഥുകളെ വിശ്വാസപരം, കർമ്മപരം എന്ന് വേർതിരിച്ച് വിശ്വാസപരമായ കാര്യങ്ങൾ വിവരിക്കുന്ന ഹദീഥുകളെ അത് മുതവാതിറല്ലെങ്കിൽ സ്വീകാര്യമല്ല എന്ന വാദമുന്നയിച്ച് തള്ളിക്കളഞ്ഞു. ചുരുക്കത്തിൽ ഇത്തരം വാദങ്ങൾ എല്ലാം തന്നെ ഹദീഥിനെതിരെയുള്ള നഗ്നമായ കയ്യേറ്റമാണെന്ന് സംശയമില്ല. പ്രവാചകന്റെ ഹദീഥുകളെ സംശയ ദൃഷ്ടിയോടെ വിക്ഷിക്കുന്നവരും അതിനെ നിഷേധിക്കുന്നവരും ഈ സമൂഹത്തിൽനിന്നുതന്നെ ഉടലെടുക്കുമെന്ന് പ്രവാചകൻ(സ) പ്രവചിച്ചതിന്റെ പുലർച്ചയാണ് യഥാർത്ഥത്തിൽ ഇത്തരം വാദങ്ങളെല്ലാം തന്നെ. അബൂറാഫിഅ് നിവേദനം: നബി(സ) പറഞ്ഞു: ''ഞാൻ കൽപ്പിച്ചതോ വിരോധിച്ചതോ ആയ ഒരു കാര്യം

നിങ്ങളുടെ മുമ്പിൽ എത്തുമ്പോൾ അലംകൃത കട്ടിലിൽ ചാരിയിരുന്നുകൊണ്ട് 'എനിക്കറിയില്ല, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കണ്ടതിനെ മാത്രമാണ് ഞാൻ പിൻപറ്റുന്നത്' എന്ന് പറയുന്നവരായി നിങ്ങളിലൊരാളെയും ഞാൻ കാണാതിരിക്കട്ടെ'' *(അഹ്മദ്, തിർമുദി, അബൂദാവൂദ്)*

മിഖ്ദാദ്(റ) നിവേദനം: നബി(സ) പറഞ്ഞു: ''അറിയുക, എനിക്ക് ഖുർആനും ഒപ്പം അതുപോലെയുള്ള ഒന്നും നൽകപ്പെട്ടിരിക്കുന്നു. വയർ നിറച്ച് ചാരു കട്ടിലിൽ ചാരിയിരുന്ന് 'ഖുർആനെ പിൻതുടർന്നാൽ മതി, അതിൽ ഹലാലാക്കിയതിനെ ഹലാലും ഹറാമാക്കിയതിനെ ഹറാമുമാക്കുക' എന്ന് പറയുന്നവരെപ്പോലെ നിങ്ങൾ ആകരുത്. നിശ്ചയം അല്ലാഹുവിന്റെ റസൂൽ ഹറാമാക്കിയത് അല്ലാഹു ഹറാമാക്കിയതിന് തുല്യമാണ്. അറിയുക, വളർത്തു കഴുതയുടെ മാംസം നിങ്ങൾക്ക് ഹലാലല്ല. തേറ്റയുള്ള ഹിംസ്ര ജന്തുക്കളെ തിന്നുന്നതും അനുവദനീയമല്ല.'' *(അബൂദാവൂദ്, ഇബ്നുമാജ, ഹാകിം)*

നോക്കുക, പ്രവാചകൻ(സ) എത്ര കൃത്യമായാണ് ഇത്തരം ആളുകളെക്കുറിച്ച് സംസാരിക്കുന്നത്! പ്രവാചകൻ(സ) പറഞ്ഞ എല്ലാ വിശേഷണങ്ങളും ഇത്തരം ആളുകളിൽ ഇന്ന് നാം കണ്ടു കൊണ്ടിരിക്കുന്നു.